



# ഒ വി വിജയൻ സ്മൃതി ദിനത്തോടനുബന്ധിച്ച് നടത്തിയ കാറ്റുപറഞ്ഞ കഥ എന്ന ചെറുകഥയുടെ ആസ്വാദനക്കുറിപ്പ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ കുറിപ്പ്.

ജൂലൈ 3 , 2019

പ്രശസ്ത എഴുത്തുകാരനായ ശ്രീ ഒ വി  വിജയൻ ഗ്രാമീണതയും നഗരജീവിതവും പശ്ചാത്തലമാക്കി എഴുതിയ ചെറുകഥയാണ്  കാറ്റുപറഞ്ഞകഥ.നഗരത്തിൽ നിന്നും തന്റെ ജന്മനാടായ ഗ്രാമത്തിലേക്ക് തിരിച്ചുവരുന്ന തെയ്യുണ്ണിയുടെ മനോവിചാരങ്ങളും തുടർ സംഭവവികാസങ്ങളുമാണ് ഇതിന്റെ പ്രമേയം .

നഗരത്തിൽ നിന്ന് ഗ്രാമത്തിലേക്ക് കൂടുമാറിയ തെയ്യുണ്ണി ഈ കഥയിലെ കേന്ദ്രകഥാപാത്രമാണ്.തിരക്കുപിടിച്ച നഗരജീവിതത്തിൽ കുടുംബ മിത്ര ബന്ധങ്ങളെ മറന്നുപോകുന്നതും ഗ്രാമത്തിന്റെ വളർച്ചയെ ഉത്കണ്ഠയോടെ കാണുവാൻ സാധിക്കാത്തതിനും തെയ്യുണ്ണിയുടെ ജീവിതശൈലി കാരണമാകുന്നു. തെയ്യുണ്ണിയുടെ നൊമ്പരങ്ങൾ ആത്മർത്ഥമാണ് പക്ഷെ അല്പായുസ്സുള്ളതുമാണ് . ബോംബെ നഗരം അദ്ദേഹത്തെ അങ്ങനെ സാഹചര്യങ്ങൾക്കനുസരിച്ച് മാറുവാൻ പഠിപ്പിച്ചിരിക്കുന്നു.

ജേഷ്ഠന്റെ മരണാന്തരചടങ്ങുകളിൽ പങ്കെടുക്കുന്നതിനായി തിരിച്ച് നാട്ടിലേക്ക് എത്തുമ്പോൾ തന്നെക്കാൾ വേഗത്തിൽ മാറിയ നാടിനെയും ഗ്രാമീണരേയും കണ്ട് അത്ഭുതപ്പെടുന്നു .കഞ്ചിക്കോട്ടേക്കുള്ള യാത്ര ഒരു ആത്മവിമർശനത്തിന്റെ ഭാഷ്യമുണ്ട് .തന്റെ പ്രണയം ഗ്രാമീണരായ അച്ഛനും അമ്മയും അംഗീകരിച്ചതും ,ജ്യേഷ്ഠൻ ശാസ്ത്രജ്ഞനായിട്ടും വലിയ ഉദ്യോഗം വലിച്ചെറിഞ്ഞ് നാട്ടിലേക്ക് തിരിച്ചതും തെയ്യുണ്ണിക്ക് പൊരുൾ മനസ്സിലാവാത്ത സത്യങ്ങളായിരുന്നു എന്ന് മടക്കയാത്രയിൽ ബോധ്യപ്പെടുന്നു.അദ്ദേഹത്തിന്റെ എരിയുന്ന ചിതയും സമയത്ത് എത്തുവാൻ സാധിക്കാത്തതിലുള്ള കുറ്റബോധവും തെയ്യുണ്ണിയുടെ മനസ്സിൽ നീറ്റൽ സൃഷ്ടിക്കുന്നത് വായനക്കാർക്കും അനുഭവപ്പെടുന്നുണ്ടാവും.

ജ്യേഷ്ഠന്റെ വ്യക്തിത്വം നമുക്കൊരു പാഠമാണ്.മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ആത്മബന്ധം സമത്വം  ലാളിത്യം എന്നിവ വരുംകാല നിലനിൽപ്പുകളെ ഭയപ്പെട്ടുതുടങ്ങുവാൻ സമയമായിരിക്കുന്നു എന്ന ധ്വനി ജ്യേഷ്ഠന്റെ വാക്കുകളിലൂടെ കഥാകൃത്ത് സമർത്ഥമായി സംവേദനം ചെയ്യുന്നു  .ശാസ്ത്രം അതിന്റെ പൂർവ്വാധികം ശക്തിയോടെ കുതിക്കുമ്പോൾ  അത് മാനവികതയുടെ – പരസ്പരബഹുമാനത്തിന്റെ  നറുവേരുകൾ ഗ്രാമാന്തരങ്ങളിൽ നിന്നുപോലും പിഴുതെടുത്തുകൊണ്ടുപോകുന്നു .അതിന്റെ ആഘാതമെന്താണെന്ന് മനുഷ്യന് അറിയാം അല്ലെങ്കിൽ ന്യൂക്ലിയാർ സയന്റിസ്റ്റായ ജ്യേഷ്ഠനറിയാം ,ഒരു പക്ഷേ ഇപ്പോൾ തെയ്യുണ്ണിക്കുമറിയാം.

അക്കരെപ്പച്ചതേടി അന്യനാട്ടുകളിലേക്ക് ചേക്കേറുന്ന ചോരത്തിളപ്പുള്ള അഭ്യസ്തവിദ്യാരായ യുവതലമുറകൾ നമ്മുടെ നാട്ടിൽ  ധാരാളമായുണ്ടാകുന്നു. സ്വപ്നതുല്യമായ ശംബളവും ആനുകൂല്യങ്ങളും അവരെ ആകർഷിക്കുന്നു. അവസാനം എല്ലാവരും ഭയപ്പെടുന്ന  സങ്കീർണ്ണമായ തുരുത്തുകളിൽ നിന്നും അഭയം തേടിയെത്തുന്നത് പിറന്നുവീണ് പിച്ചവെയ്ക്കാൻ പഠിച്ച മണ്ണിലേക്കും അപ്പോളേക്കും ജീവിതം പൂർണ്ണവിരാമമിട്ടുകഴിഞ്ഞിരിക്കും.

**************



അമൃത പി യു
ക്ലാസ്സ് 9 സി